**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 415** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയെ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പുതിയ ടൂറിസം ഉല്പന്നങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി കൊച്ചി ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോവളം-ഗോവ ക്രൂയിസ് കപ്പൽ യാത്ര ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കോവളം, കൊല്ലം , കൊച്ചി , ബേപ്പൂർ, മംഗലാപുരം, ഗോവ എന്നീ പ്രദേശങ്ങളെ കോർത്തിണക്കികൊണ്ട് ക്രൂയിസ് ടൂറിസം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റാഫ്റ്റിംഗിനും കയാക്കിംഗിനും സാധ്യതയുള്ള നദികളെ കോർത്തിണക്കി സാഹസിക വിനോദസഞ്ചാര ഇടനാഴി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജലപാത, കനാൽ ടൂറിസം എന്നിവ വികസിപ്പിച്ച് വിവിധ ടൂറിസം ഇടനാഴികൾ രൂപീകരിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട് . കയാക്കിംഗിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിവിധ നദികളിൽ ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നു . |
| (സി) | ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് പുതിയ അഭിരുചികൾക്കനുസൃതമായി സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ നവീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ലോക ടൂറിസം മേഖലയിലെ പുതിയ അഭിരുചികൾക്കനുസൃതമായി ലോകശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.<br><br>ലോകശ്രദ്ധ ആകർഷിച്ച വിനോദസഞ്ചാര കേന്ദ്രമായ കോവളത്തിന്റെ ടൂറിസം സാധ്യകളെ വിപുലീകരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് മന്ത്രിസഭായോഗം അനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുക. |

വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി കാരവാൻ ടൂറിസം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യത്തെ കാരവാൻ പാർക്ക് വാഗമണിൽ ആരംഭിച്ചു. നിലവിൽ 10 കാരവാനുകളാണ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ അറിയപ്പെടാതെ കിടക്കുന്നതും എന്നാൽ ടൂറിസം വികസനം സാധ്യമാകാത്ത ഡെസ്റ്റിനേഷനുകളിൽ എത്തിച്ചേരാനും അവിടത്തെ പ്രകൃതി ഭംഗി ആസ്വദിക്കാനും കാരവാൻ ടൂറിസം മുഖേന സാധ്യമാകുന്നതാണ് .

വിദേശ - ആഭ്യന്തര വിനോദ സഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

വിദേശ – ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതി യും വകുപ്പിന്റെ പരിഗണനയിൽ ആണ്.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫാം /അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, സ്ത്രീ സൗഹാർദ്ദ ടൂറിസം, സ്ട്രീറ്റ് ടൂറിസം, എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും വിനോദസഞ്ചാരവകുപ്പ് നടത്തിവരുന്ന വിപണന തന്ത്രങ്ങളിലൂടെയും ക്യാമ്പയിനുകളിലൂടെയും കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യൂ ഉയർത്തുന്നതിനും

ട്രേഡ് മീറ്റുകളിലെയും ട്രേഡ് ഫെയറുകളിലെയും നിരന്തര സാന്നിദ്ധ്യത്തിലൂടെ കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

വിപണനമേഖലയിലെ ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളും പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബേപ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടികൾ പുരോഗമിച്ചു വരുന്നു.

ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ. ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB Berlin, MITT Moscow തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സംസ്ഥാന ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, Munich, Frankfurt തുടങ്ങിയ നഗരങ്ങളിൽ B2B Meets സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് 'മായ'. മാർച്ചിൽ സേവനം ആരംഭിച്ച മായ ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പിന്നിട്ടു.

കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാധ്യതകളെ വിദേശ സഞ്ചാരികളെ പരിചയപ്പെടുത്താനും അവരെ കേരളത്തിലേക്ക് ആകർഷിക്കാനും 'ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ എയർപോർട്ട് ട്രാൻസ്ലൈറ്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്

| | | | |
|---|---|---|---|
| | | | ക്യാമ്പയിൻ സോഷ്യൽ മീഡിയ, ഗൂഗിൾ സേർച്ച് & ഡിസ്സ്പ്ലേ ആഡ്സ്, പ്രമോഷൻ ഓഫ് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് മൈക്രോസൈറ്റ് എന്നീ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ വിവാഹ വിനോദസഞ്ചാരത്തിനു ഏറ്റവും സാധ്യതയുള്ള സ്ഥലമായി കേരളത്തെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ